# പരവൂർ കൊച്ചുകുഞ്ഞു സ്മാരക പാചക മത്സരം

മൃദംഗ വിദ്വാൻ പരവൂർ കൊച്ചുഗോവിന്ദനാശാന്റെ സഹധർമ്മിണിയും സംഗീതകുലപതി ദേവരാജൻ മാസ്റ്ററുടെ മാതാവുമായ പാചകവിദുഷി കൊച്ചുകുഞ്ഞിന്റെ സ്മരണ നിലനിർത്തുവാനും വനിതകൾക്ക് പാചക കലയിൽ പ്രോത്സാഹനം നൽകുവാനും ഉദ്ദേശിച്ചുകൊണ്ട് പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2018 മുതൽ പാചക മത്സരം നടത്തിവരുന്നു. പരവൂർ–പൂതക്കുളം–നെടുങ്ങോലം പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായ 20 വയസ്സു കഴിഞ്ഞിട്ടില്ലാത്ത വനിതകൾക്ക് പാചക മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഫാസിന്റെ കുടുബ സംഗമം നടക്കുന്ന ദിവസം പകൽ മൂന്നുമണിമുതലാണ് മത്സരം നടത്തുക. പത്രമാദ്ധ്യമങ്ങളിലൂടെ ഈ വിവരം പരസ്യപ്പെടുത്താറുണ്ട്. ഒരിക്കൽ ഒന്നാം സമ്മാനത്തിനർഹയായ വ്യക്തിക്ക് വീണ്ടും മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല.

മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ വിജയിക്ക് 2500 രൂപ ക്യാഷ് പ്രൈസും മെമന്റോയും സർട്ടിഫിക്കേറ്റും രണ്ടാം സ്ഥാനം നേടിയ വിജയിക്ക് 1500 രൂപ ക്യാഷ് പ്രൈസും മെമന്റോയും സർട്ടിഫിക്കേറ്റും കടുംബസംഗമ വേദിയിൽ വച്ച് നൽകിവരുന്നു. സമ്മാനാർഹരായവരുടെ വിവരം ചുവടെ ചേർക്കുന്നു:

## കൊച്ചുകുഞ്ഞു സ്മാരക പാചകമത്സര വിജയികൾ

| മത്സരത്തീയതി | വിജയി | സ്ഥാനം |
|---|---|---|
| 12.05.2018 | ഹരിച്ചന്ദന, D/o സുശീൽകുമാർ, സപര്യ, കോട്ടപ്പുറം, പരവൂർ. | ഒന്ന് |
| 12.05.2018 | ട്വിങ്കിൾ ബിജു, D/o ബിജുമോൻ, ഈശ്വരവിലാസം, കോട്ടപ്പുറം, പരവൂർ | രണ്ട് |
| 24.11.2019 | അനഘ ആർ.എസ്., D/o വി. രാജു, ചാലുവിള, കൂനയിൽ, പരവൂർ | ഒന്ന് |
| 24.11.2019 | ഐശ്വര്യ ദിലീപ്, D/o ദിലീപ്, പുതുവീട്, പൊഴിക്കര, പരവൂർ | രണ്ട് |
| 24.11.2019 | ആർച്ച എസ്., D/o സജു, പി.എസ്. ഭവൻ, കുറുമണ്ടൽ ‘ ബി’, പരവൂർ | പ്രോത്സാഹന സമ്മാനം |